**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6561 | 21.11.2019- ൽ മറുപടിയ്ക്ക് |

# 1-1-1977 ന് മുൻപേ വനഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് പട്ടയം

| ചോദ്യം | മറുപടി. |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>,, മുഹമ്മദ് മുഹസിൻ പി | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) 1-1-1977 ന് മുൻപ് വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് ആയത് പതിച്ച് കൊടുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) 01.01.1977-ന് മുമ്പ് വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് പതിച്ച് നല്കുന്നതിനായി കേന്ദ്രാനുമതി ലഭിച്ച കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 28588.159 ഹെക്ടർ ഭൂമിയിൽ കൊല്ലം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ 1993-ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ടം പ്രകാരം ഭൂമി വിതരണം പൂർത്തിയായിട്ടുള്ളതും, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ ഭൂമി വിതരണം പുരോഗമിച്ച് വരുന്നതുമാണ്. 01.01.1977 ന് മുൻപ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിലേക്ക് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന കോട്ടയം ജില്ലയിലൊഴികെ പൂർത്തിയായിട്ടുള്ളതും, പ്രസ്തുത വിശദാംശങ്ങൾ കേന്ദ്ര സർക്കാരിലേക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതുമാണ്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് ആയത് പതിച്ച് നൽകുന്നതാണ്. |
| (ബി) ഇക്കാര്യം സംബന്ധിച്ച് റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) 01.01.1977 ന് മുൻപ് വനഭൂമിയിൽ കുടിയേറിയവർക്ക് പട്ടയം നൽകുന്നതിലേയ്ക്ക് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന കോട്ടയം ജില്ലയിലൊഴികെ പൂർത്തിയായിട്ടുള്ളതും, പ്രസ്തുത വിശദാംശങ്ങൾ കേന്ദ്ര സർക്കാരിലേക്ക് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതുമാണ്. |

(സി) കൈവശക്കാർക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച വനഭൂമിയിൽ അവശേഷിക്കുന്നവർക്ക് പട്ടയം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) 01.01.1977 ന് മുൻപ് വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് പതിച്ച് നൽകുന്നതിനായി കേന്ദ്രാനുമതി ലഭിച്ച കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 28588.159 ഹെക്ടർ ഭൂമിയിൽ, കൊല്ലം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ 1993-ലെ കേരള ഭൂമി പതിവ് പ്രത്യേക ചട്ടം പ്രകാരം ഭൂമി വിതരണം പൂർത്തിയായിട്ടുള്ളതും ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ ഭൂമി വിതരണം പുരോഗമിച്ച് വരുന്നതുമാണ്. സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിലേയ്ക്കായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും ബഹു.സുപ്രീം കോടതിയുടേയും അനുമതി ലഭിച്ചിട്ടുള്ള 19,000 ഏക്കർ (7693.2257 ഹെക്ടർ) നിക്ഷിപ്ത വനഭൂമി പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഉൾപ്പെട്ടതാണ്. ഇതിൽ വിതരണം ചെയ്യുവാൻ ശേഷിക്കുന്ന 3766.4634 ഹെക്ടർ ഭൂമിയുടെ വിതരണ നടപടികൾ ത്വരിതപ്പെടുത്തുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വനം വകുപ്പിൽ നിന്ന് യഥാസമയം ഭൂമി വിട്ടുകിട്ടാത്തതും സംയുക്ത പരിശോധനാ വേളയിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സവാദങ്ങൾ ഉന്നയിക്കുന്നതും ഭൂമി വിതരണത്തിന് കാലതാമസം സൃഷ്ടിക്കുന്നുണ്ട്.

(ഡി) കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചതും റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതുമായ കേസുകളിൽ പട്ടയം അനുവദിക്കുന്നതിന് ത്വരിത നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരത്തിലുള്ള ഭൂമികളിൽ നിലനില്ക്കുന്ന മരങ്ങൾക്ക് നിരക്ക് നിർണ്ണയിച്ചാണോ പട്ടയം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) & (ഇ) 01.1.1977 ന് മുൻപ് വനഭൂമി കയ്യേറി കൈവശംവച്ചിട്ടുള്ളവർക്ക് ആയത് പതിച്ച് കൊടുക്കുന്നതിനുവേണ്ടി വനം റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയതും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളതും ഭൂമിയ്ക്ക് നിലവിൽ സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്തതുമായ കേസുകളിൽ 1993-ലെ പ്രത്യേക ഭൂമി പതിവ് (01.01.1977 ന് മുൻപ് വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) ചട്ടങ്ങളിലെ 6, 7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് അനുമതി നൽകിയും

കേന്ദ്രാനുമതി ലഭിച്ച കേസുകളിൽ സംയുക്ത പരിശോധന നടത്തിയ സമയത്ത് ഭൂമിയിലുണ്ടായിരുന്നതും ഇപ്പോൾ ടി ഭൂമിയിൽ ഇല്ലാത്തതുമായ മരങ്ങളുടെ വില ഒഴിവാക്കിയും ഇപ്പോൾ ഭൂമിയിൽ നിലനിൽക്കുന്ന മരങ്ങൾക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മരവില നിർണ്ണയിച്ച് നൽകിയും പട്ടയം അനുവദിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുമതി നൽകിയും ടി ഉത്തരവ് പത്തനംതിട്ട, ഇടുക്കി, കോട്ടയം എന്നീ ജില്ലകളിലെ സമാനമായ കേസുകൾക്കു കൂടി ബാധകമാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

Indu.G.S

**സെക്ഷൻ ഓഫീസർ**